# നവോത്ഥാന നായകനിർമ്മിതി ശ്രീനാരായണഗുരു പഠനങ്ങളിലൂടെ

**മഞ്ജുഷ പി.വി.**
ഗവേഷക, മലയാളവിഭാഗം, ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

ആമുഖം

കേരളീയ നവോത്ഥാനത്തിന്റെ ചരിത്രം ഏകമുഖമായ ഒന്നല്ല. പാശ്ചാത്യ-പൗരസ്ത്യ നവോത്ഥാനത്തിന്റെ തുടർച്ചയായി ചരിത്രത്തിൽ അത് നിലകൊള്ളുമ്പോഴും സാമൂഹികവും സാംസ്കാരികവുമായ അനേകം സവിശേഷതകൾ അതിനെ വ്യത്യസ്തമാക്കുന്നുണ്ട്. ജാതീയതയുടെയും അന്ധവിശ്വാസ-അനാചാരങ്ങളുടെയും ഇരുട്ടിലമർന്ന ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദംവരെയും കേരളീയ ജനതയുടെ ജീവിതം ദുഃസഹമായിരുന്നു. സകല സാമൂഹികനീതികളുടെയും അളവുകോൽ ജാതിയായിരുന്ന ഒരു സമൂഹത്തിൽ ജനസംഖ്യയുടെ ഭൂരിഭാഗം നിരന്തരം ചൂഷണം ചെയ്യപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. ജാതിയും ജാതിക്കുള്ളിലെ ജാതിയുംതീർത്ത ഭ്രഷ്ടുകളും സാമൂഹികമായ അയിത്തങ്ങളും മാനുഷികമൂല്യങ്ങളെ വെല്ലുവിളിച്ചുകൊണ്ടിരുന്ന പശ്ചാത്തലത്തിലാണ് ഭാരതത്തിലൊന്നാകെയുണ്ടായ നവോത്ഥാനത്തിന്റെ അനുരണനങ്ങൾ കേരളീയസമൂഹത്തിലും ചലനങ്ങളുണ്ടാക്കുന്നത്. മതേതരചിന്തയുടെയും പുരോഗമനചിന്താധാരയുടെയും അടിത്തറയിട്ട ഈ പുത്തനുണർവ്വിന്റെ കേന്ദ്രം കേരളത്തിൽ അധഃസ്ഥിത ജനവിഭാഗങ്ങളും അവർ നയിച്ച പ്രസ്ഥാനങ്ങളുമായിരുന്നു. ഭാരതത്തിലെ ഇതരദേശങ്ങളിലുണ്ടായ നവോത്ഥാന ശ്രമങ്ങളോടു സാമ്യംപുലർത്തുമ്പോഴും കേരളീയനവോത്ഥാനം സ്വന്തമായ ചില സവിശേഷതകളോടെയാണ് ചരിത്രത്തിൽ നിലകൊള്ളുന്നത്. കേരളീയനവോത്ഥാനം പല നിലകളിൽ ചർച്ചചെയ്യപ്പെടുകയും വളരെ ഗഹനമായനിരീക്ഷണങ്ങൾക്കു വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

കേരളീയചരിത്രത്തിൽ ഏറ്റവുമധികം പഠിക്കപ്പെട്ടുകയും ജാതി-മത -രാഷ്ട്രീയ ഭേദമെന്യേ സമാരാധ്യനായിത്തീരുകയുംചെയ്ത ശ്രീനാരായ ണഗുരുവിനും മാനവികത ഉയർത്തിപ്പിടിക്കുന്ന ഗുരുസന്ദേശങ്ങൾക്കും ഗുരുവിന്റെ സന്ദേശങ്ങളുടെ മുഖ്യമാധ്യമമായി വർത്തിച്ച ശ്രീനാരായണ ധർമ്മപരിപാലനയോഗത്തിനും കേരളത്തിൽ വലിയ വേരോട്ടമാണു ണ്ടായത്. കേരളീയനവോത്ഥാനത്തിന്റെ അടിത്തറ ശ്രീനാരായണഗു രുവിന്റെ ആശയങ്ങളും അതിന്റെ കേന്ദ്രബിന്ദു ഗുരുവുമായി മാറുകയുണ്ടാ യി. സാമൂഹ്യപരിഷ്കർത്താവ്, അദ്വൈതവേദാന്തി, ചരിത്രപുരുഷൻ, ദിവ്യാവതാരം, നവോത്ഥാനനായകൻ എന്നിങ്ങനെ പലനിലകളിലാ ണ് ജീവചരിത്രങ്ങളും പഠനങ്ങളും ഗുരുവിനെ അടയാളപ്പെടുത്തിയിട്ടു ള്ളത്. കേരളീയനവോത്ഥാനത്തിന്റെ കേന്ദ്രബിന്ദുവായി മാറുന്ന നവോ ത്ഥാനനായകൻ എന്ന വിശേഷണം ഇവയിൽ ഏറ്റവും പ്രസക്തവും ശ്ര ദ്ധേയവുമാണ്. നവോത്ഥാനചരിത്രവുമായി ഗുരുവിനെ ബന്ധപ്പെടുത്തി യും അല്ലാതെയും നിരവധിയായ ഗുരുപഠനങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ 'നവോത്ഥാനനായക നിർമ്മിതി ശ്രീനാരായണഗുരു പഠനങ്ങളിലൂടെ' എന്ന പ്രബന്ധം ഗുരുപഠനങ്ങളിലൂടെയും ജീവചരിത്രങ്ങളിലൂടെയും ഗു രുവിന്റെ നവോത്ഥാനനായക വ്യക്തിത്വം അന്വേഷിക്കുകയാണ്. ഗുരു വിനെ നവോത്ഥാനനായകനായി ഉയർത്തിക്കൊണ്ടുവരുന്നതിൽ ജീവ ചരിത്രങ്ങളും പഠനങ്ങളുംവഹിച്ച പങ്ക് അന്വേഷിക്കുകയാണ് പ്രബന്ധ ത്തിൽ. ഗുരുവിന്റെ ജീവിതവും ദർശനങ്ങളും ചിന്താപദ്ധതികളും സമഗ്ര മായി വിശകലനം ചെയ്യുന്ന നിരവധി പഠനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഗുരുപഠനങ്ങളുടെ പഠനം എന്നനിലയിൽ ഏറെ പഠനങ്ങൾ ഉണ്ടായി ട്ടില്ല എന്നതും ശ്രീനാരായണദർശനങ്ങളെ ആഴത്തിലുള്ള പഠനങ്ങൾ ക്കു വിധേയമാക്കേണ്ട സമകാലികസാമൂഹികസന്ദർഭത്തിന്റെ പ്രാധാ ന്യവും പ്രബന്ധവിഷയത്തെ പ്രസക്തമാക്കുന്നു.

ഗുരുവിന്റെ നവോത്ഥാനനായക വ്യക്തിത്വവും പൂജനീയസ്ഥാനവും ഉറപ്പിച്ചെടുക്കുന്നത് സവിശേഷസ്ഥാനമലങ്കരിക്കുന്ന രണ്ടു ജീവചരിത്ര -പഠനഗ്രന്ഥങ്ങളെ, പ്രമേയപരമായ സ്വഭാവസവിശേഷതകൾ മുൻനിർ ത്തി, പഠനവിധേയമാക്കാനാണ് പ്രബന്ധം ശ്രമിക്കുന്നത്.

### ബ്രഹ്മശ്രീ ശ്രീനാരായണഗുരുവിന്റെ ജീവചരിത്രസംഗ്രഹം– ഗുരു ജീവചരിത്രങ്ങളുടെ ആദ്യമാതൃക

ശ്രീനാരായണഗുരുവിന്റെ ജീവിതത്തെ അടിസ്ഥാനമാക്കി രചിക്ക പ്പെട്ട നിരവധി ജീവചരിത്രങ്ങളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്ന

ഒന്നാണ് കുമാരനാശാൻ രചിച്ച 'ബ്രഹ്മശ്രീ ശ്രീനാരായണഗുരുവിന്റെ ജീവചരിത്രസംഗ്രഹം' എന്ന കൃതി. ഗുരുവിന്റെ ജീവചരിത്രങ്ങളിൽവെച്ച് മൗലികതയും ആധികാരികതയും അവകാശപ്പെടാവുന്ന ഒന്നായാണ് ഇതു വിലയിരുത്തപ്പെടുന്നത്. ഗുരുവിന്റെ ജീവിതകാലത്തുതന്നെ വിവേകോദയത്തിൽ തുടർച്ചയായി പ്രസിദ്ധപ്പെടുത്തിയത് (1915 മെയ് മുതൽ 1915 ഡിസംബർവരെ) എന്ന സവിശേഷത ഇതിനുണ്ട്. ഗുരുവിന്റെ ഈ ജീവചരിത്രത്തെ പിൻപറ്റിയാണ് ഇതര ഗുരുജീവചരിത്രങ്ങളുടെയെല്ലാം പിറവി എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു. ഈ കൃതിയുടെ ഉപസംഹാരത്തിലെ ആശാന്റെ പ്രസ്താവന ഇതു ശരിവെയ്ക്കുകയും ചെയ്യുന്നു.

'....ഇതിനെ വായനക്കാർ അതിമനോഹരമായ അവിടുത്തെ ജീവചരിത്രസംഗ്രഹത്തിന്റെ അസ്ഥികൂടം എന്നു മാത്രം കരുതിയാൽ മതി' (1984: 38). ഗുരുവിന്റെ കാലത്ത് പ്രധാനപ്പെട്ട ശിഷ്യൻ രചിച്ചതുകൊണ്ടുതന്നെ വസ്തുനിഷ്ഠതയുടെ കാര്യത്തിലും കൃതി പ്രഥമഗണനീയമെന്ന് വിലയിരുത്തപ്പെടുന്നു. ജീവചരിത്രങ്ങളും ആത്മകഥകളും ഭാവനാസമ്പൃഷ്ടമാകുമ്പോൾ വസ്തുതയ്ക്കും യാഥാർത്ഥ്യത്തിനും കോട്ടംവരിക സാധാരണമാണ്. ആശാന്റെ ജീവചരിത്രത്തിന്റെ തുടർച്ചയായി വന്ന ജീവചരിത്രങ്ങളിൽ വസ്തുതകളുടെ വളച്ചൊടിക്കൽ ശക്തിപ്രാപിച്ചതായി കാണാം. ചുരുക്കത്തിൽ ആശാൻ രചിച്ച ഗുരുജീവചരിത്രത്തെ പൊലിപ്പിച്ചെടുക്കുകയായിരുന്നു മിക്ക ജീവചരിത്രങ്ങളും എന്നു കാണാം.

കേരളീയജനതയെ ആത്മീയമായും ധൈഷണികമായും വളരെ സ്വാധീനിച്ച ഒരു വ്യക്തി എന്ന നിലയിൽ ഗുരുവിനോടുള്ള ആരാധന കളങ്കപ്പെടുത്താത്ത ഒന്നായാണ് ഈ ജീവചരിത്രത്തെ ഗ്രന്ഥത്തിന്റെ ആമുഖവും നിരൂപകരിൽ ചിലരും വിലയിരുത്തുന്നത്. നാരായണഗുരുവിന് അതിമാനുഷികത്വം കല്പിച്ചുകൊണ്ടുള്ള ജീവചരിത്രങ്ങളിൽനിന്നും വേറിട്ടുനിൽക്കുന്ന ഒന്നായി പ്രഥമദൃഷ്ട്യാ അനുഭവപ്പെട്ടേക്കാമെങ്കിലും അതിശയോക്തി കലർന്ന ആഖ്യാനശൈലിയിൽനിന്ന് തീർത്തും മുക്തമല്ല ഈ ജീവചരിത്രവും. അഭ്യൂഹങ്ങളെയും അനുമാനങ്ങളെയും തങ്ങളുടെ ഭാവനയ്ക്കൊത്തു വികസിപ്പിച്ച് ഗുരുവിനെ ഒരു അവതാരപുരുഷനോ പരിവ്രാജകനോ ആക്കിത്തീർക്കുന്ന ജീവചരിത്രങ്ങളിൽനിന്ന് വേറിട്ടു നില്ക്കുന്നുവെന്ന് വിലയിരുത്തുമ്പോഴും യേശുക്രിസ്തുവിനെപ്പോലെ ചില അത്ഭുതങ്ങൾ കാണിക്കുന്ന ദൈവപുത്രനായി ഈ ജീവചരിത്രത്തിലെ ചിലയിടങ്ങളിൽ ഗുരു മാറുന്നുണ്ട് എന്നു കാണാം. നാലാമദ്ധ്യായത്തിൽ ഇത്തരം അത്ഭുതങ്ങളെ ആശാൻ അടയാളപ്പെടുത്തുന്നതു നോക്കുക.

'...ചെല്ലുന്ന ദിക്കിലെല്ലാം കുഷ്ഠം മുതലായ മാറാരോഗങ്ങൾ പിടിപെട്ടവർ സ്വാമിയുടെ അടുക്കൽ വന്നുചേരുകയും ഏതെങ്കിലും ഒരു പച്ചിലയോ എന്തെങ്കിലും ഒരു ഭക്ഷണസാധനമോ എടുത്തുകൊടുത്ത് അവരുടെ രോഗങ്ങളെ സ്വാമി സുഖപ്പെടുത്തുകയും ചെയ്തിരുന്നു. ബ്രഹ്മരക്ഷസ്, അപസ്മാരം മുതലായ ഉപദ്രവത്താൽ വളരെക്കാലം കഷ്ടത അനുഭവിച്ചിരുന്ന രോഗികൾക്കു സ്വാമിയുടെ ദർശനമാത്രയാൽ തന്നെ പൂർണ്ണസുഖം കിട്ടിയിട്ടുണ്ട്. അനവധി കുട്ടിച്ചാത്തന്മാരുടെ ഉപദ്രവങ്ങളെയും സ്വാമി വിലക്കിയിട്ടുണ്ട്.' തുടങ്ങി വന്ധ്യകൾ പ്രസവിച്ചതുമുതൽ, കുടിയന്മാർ മദ്യപാനം നിർത്തിയതുവരെയുള്ള വിവരണങ്ങൾ ആശാൻ കൊടുത്തിട്ടുള്ളതായി കാണാം. ഗുരുവിനെ ഒരു അത്ഭുതസിദ്ധിയുള്ള വ്യക്തിയായി, ദിവ്യപുരുഷനായി അവതരിപ്പിക്കുവാനുള്ള ശ്രമം ഇവിടെ കാണാം (1984 :6,7).

ഇത്തരം അത്ഭുതസിദ്ധികളുള്ള മഹാനുഭാവനായി ഗുരുവിനെ അവതരിപ്പിക്കുന്ന ഭാഗങ്ങൾ ഗുരുവിന്റെ ജീവചരിത്ര നിർമ്മിതിയുടെ പരമ്പരകളുടെ തുടക്കം മാത്രമല്ല അതിശയോക്തി കലർന്ന കെട്ടുകഥാസമാനമായ ഗുരു ജീവചരിത്രങ്ങളുടെ തുടക്കം കൂടിയായി മാറിയെന്ന് ചില ജീവചരിത്രങ്ങളുടെ വായന ബോദ്ധ്യപ്പെടുത്തുന്നുണ്ട്. ഇത്തരം അത്ഭുതം കലർന്ന വിവരണങ്ങൾ ഗുരുവിന്റെ ദൈവികപരിവേഷത്തെ സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്നതായി കാണാം. ഗുരുവിനെ ഒരു അതിമാനുഷ ബിംബമാക്കിത്തീർക്കാനുള്ള ശ്രമം ആശാന്റെ ജീവതചരിത്രസംഗ്രഹം മുതല്ക്ക് ദർശനീയമാണ്.

ഗുരുവിന്റെ ജനനത്തെക്കുറിച്ചും മറ്റുമുള്ള പരാമർശങ്ങൾ അതിസാധാരണമായ പരാമർശങ്ങളാണെങ്കിലും ബാല്യത്തിലേ സമുദായത്തിനകത്തു നിലനിന്നിരുന്ന അനാചാരങ്ങളെ ചോദ്യംചെയ്യാൻ തുനിഞ്ഞ 'ചൊടിപ്പുള്ള ഒരു കുട്ടി'യായി ആശാൻ ഗുരുവിനെ വരച്ചുകാണിക്കുന്നു. കീഴ്ജാതിക്കാരായ ആളുകളെ ദൂരെ കണ്ടാൽ ഓടിച്ചെന്ന് അവരെ തൊടുകയും തിരിച്ചെത്തി വീട്ടിലുള്ളവരെ തൊട്ടശുദ്ധമാക്കുകയും ചെയ്തിരുന്ന ബാലനിൽ, പിറവിയെടുക്കാൻ പോകുന്ന ഒരു സമുദായ പരിഷ്കർത്താവിന്റെ,അത്ഭുതവ്യക്തിയുടെ സവിശേഷതകൾ ആശാൻ മുൻകൂട്ടി കണ്ടുവെയ്ക്കുകയായിരുന്നു എന്നുവേണം കരുതാൻ. ഈ മുൻധാരണകളെ മുൻനിർത്തിക്കൊണ്ടാണ് പില്ക്കാലജീവചരിത്രങ്ങളധികവും ഈ വസ്തുതകളെ വിശദീകരിക്കാൻ ശ്രമിക്കുന്നതെന്നു കാണാം.

ഗുരുവിന്റെ ബാല്യകാലത്തെ സവിശേഷതകളോടുകൂടി ജീവചരിത്രങ്ങളിൽ അവതരിപ്പിക്കപ്പെടുന്നതിനുള്ള ഒരു മാർഗ്ഗദർശിയായി

ആശാന്റെ ജീവചരിത്രസംഗ്രഹം മാറിയിട്ടുണ്ട്. അതിമാനുഷ സവിശേഷതകളോട്ടുകൂടിയ ഒരു ദിവ്യാത്മാവായി ഗുരുവിനെ ചരിത്രത്തിൽ ഉറപ്പിച്ചെടുക്കുന്നതിന് ആധാരശിലയായി ആശാന്റെ ഈ കൃതി വർത്തിച്ചിട്ടുണ്ട്. മയ്യനാട് ദാമോദരൻ, മൂർക്കോത്ത് കുമാരൻ, ടി. ഭാസ്കരൻ, കോട്ടുക്കോയിക്കൽ വേലായുധൻ തുടങ്ങി നിരവധിപേർ തയ്യാറാക്കിയിട്ടുള്ള ഗുരു ജീവചരിത്രങ്ങളിൽ മിക്കതും ആശാന്റെ ജീവചരിത്രസംഗ്രഹത്തിന്റെ പകർപ്പുകളോ, ആവർത്തനങ്ങളോ ആയിരുന്നു.

അതുകൊണ്ടാണ് 'ചെറുപ്പത്തിൽ മറ്റു കുട്ടികൾക്കില്ലാത്ത ചില സവിശേഷതകൾ നാണു എന്നു വിളിക്കപ്പെട്ട നാരായണനിൽ കണ്ടിരുന്നു. ഏകാന്തതാപ്രിയത്വം, ചിന്താശീലം, വാചംയമിത്വം, ഭക്തി, ബുദ്ധിസാമർത്ഥ്യം മുതലായ ഗുണങ്ങൾ വളരെ പ്രകടമായിരുന്നു' എന്ന മട്ടിലുള്ളതും, 'ജാതിവ്യത്യാസവും അതിന്റെ പേരിലുള്ള ആചാരങ്ങളും നിരർത്ഥകമാണെന്നും അക്കാലത്തു തന്നെ നാണു തന്റെ പ്രവർത്തനങ്ങളിലൂടെ തെളിയിച്ചു' എന്നതുമായ നിരീക്ഷണങ്ങൾ പിന്നീടുണ്ടാകുന്നത് (ഭാസ്കരൻ ടി, 2009:12).

ബാല്യംകഴിയുന്നതിനു മുമ്പുതന്നെ ഗുരുവിൽ ഒരു വലിയ സാത്വികനെയും ഭക്തനെയും ആശാൻ കുടിയിരുത്തുന്നുണ്ട്. സ്വാമിയുടെ ഭക്തിയെയും സ്വഭാവസവിശേഷതകളെയുംപറ്റി പ്രചരിപ്പിക്കുന്ന കഥകളെകുറിച്ച് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നുണ്ട്. അതിശയോക്തിചേർന്ന വർണ്ണനകളിൽനിന്നും പ്രസ്താവനകളിൽനിന്നും മുക്തമെന്ന് അവകാശപ്പെടുമ്പോഴും 'ഉറക്കത്തിൽപോലും ഈശ്വരനാമങ്ങളും മന്ത്രങ്ങളും സ്വാമിയുടെ മുഖത്തുനിന്നും സ്വതേ പുറപ്പെടുന്നതായി പലരും കേട്ടിട്ടുണ്ട്' (1984:6). എന്ന മട്ടിലുള്ള പരാമർശങ്ങൾ കുറവല്ല. ഇത്തരം വർണ്ണനകളിലൂടെയും പരാമർശങ്ങളിലൂടെയും ഗുരുവിന്റെ അത്ഭുതവ്യക്തിത്വത്തെ, അതിമാനുഷത്വത്തെ സ്ഥാപിച്ചെടുക്കുന്നതിന് ആശാൻ തുടക്കംകുറിച്ചതായി കാണാം. ഗുരുവിന്റെ സ്വഭാവപ്രകൃതം, വ്യക്തിത്വസവിശേഷതകൾ എന്നിവയുടെ ഒരു ചട്ടക്കൂട് (frame) വാർത്തെടുക്കുന്നതിൽ ആശാന്റെ ജീവചരിത്ര സംഗ്രഹത്തിന് വലിയ സ്ഥാനമുള്ളതായി കാണാം.

ഗുരുവിന്റെ ജനനത്തെക്കുറിച്ചും വിവാഹത്തെക്കുറിച്ചും ആശാൻ നടത്തുന്ന പരാമർശങ്ങൾ വളരെ സാധാരണമായ ഒരു പരാമർശമാണെങ്കിലും ശ്രദ്ധേയമാണ്. ഗുരുവിന്റെ വിവാഹത്തെക്കുറിച്ച് ഒന്നു സൂചിപ്പിച്ചു പോവുകമാത്രമേ ആശാൻ ചെയ്യുന്നുള്ളൂ. എന്നാൽ ആ പരാമർശങ്ങളുടെ ശേഷമുള്ള ആശങ്കകളെ ദൂരീകരിക്കാൻ ആശാൻ മുതിരുന്നില്ല.

'മറ്റുള്ളവരുടെ നിർബന്ധത്താൽ ഭക്ഷണംകഴിച്ചു' എന്നു പറയുന്നത്ര ലാഘവത്തോടെയാണ് ആശാൻ 'മാതാപിതാക്കളുടെയും മറ്റും നിർബന്ധത്താൽ സ്വാമി വിവാഹം കഴിക്കേണ്ടിവന്നു' എന്നു പറയുന്നത്. പില്ക്കാല ജീവചരിത്രങ്ങൾ (കെ. ദാമോദരൻ, മൂർക്കോത്ത് കുമാരൻ തുടങ്ങിയവർ) അതേ നിസ്സംഗതയോടെയോ അതിനെ പൊലിപ്പിച്ചെടുത്തുകൊണ്ടോ ഇത് ആവർത്തിക്കുകയുംചെയ്തു.

മലയാള സാഹിത്യരംഗത്ത് ആശാന് തന്റേതായ ഇടം സ്ഥാപിച്ചെടുക്കുന്നതിൽ ഗുരുവിന്റെ സ്ഥാനം എത്രത്തോളമായിരുന്നുവെന്ന് Life and Teaching of Narayana Guru എന്ന ഗ്രന്ഥത്തിൽ നടരാജഗുരു വ്യക്തമാക്കുന്നുണ്ട് (1990: 46, 47). ഇത്തരത്തിൽ ആശാന്റെ കാവ്യവ്യക്തിത്വത്തെ ദിശതിരിച്ചുവിടുകയും തന്നിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുകയും ചെയ്ത ഗുരുവിന്, ആശാന്റെ ഉള്ളിലുണ്ടായിരുന്ന സ്ഥാനം മഹത്തരമായിരുന്നു. ആ മഹത്തരമായ സ്ഥാനത്തെയാണ് ആശാൻ ഈ ജീവചരിത്രത്തിലൂടെ വെളിപ്പെടുത്തുന്നത് എന്നു കാണേണ്ടിവരും.

ഗുരുവിനെ അത്ഭുതസിദ്ധിയുള്ള ഒരു വ്യക്തിയായി, ദിവ്യപുരുഷനായി അവരോധിക്കാനുള്ള ശ്രമം ആശാന്റെ ജീവചരിത്രസംഗ്രഹത്തിൽ കാണാം. മഹാരോഗത്താലും, ബ്രഹ്മരക്ഷസ്, അപസ്മാരം തുടങ്ങിയ ഉപദ്രവങ്ങളാലും കഷ്ടത അനുഭവിച്ചിരുന്നവർക്ക് സ്വാമിയുടെ ദർശനമാത്രയാൽ തന്നെ പൂർണ്ണസുഖം കിട്ടിയതായി ആശാൻ അർത്ഥശങ്കയ്ക്കിടയില്ലാതെ പറയുന്നുണ്ട്.

'...അനവധി കുട്ടിച്ചാത്തന്മാരുടെ ഉപദ്രവങ്ങളെയും സ്വാമി വിലക്കിമാറ്റിയിട്ടുണ്ട്. നാനാ ജാതിക്കാരായ ഹിന്ദുക്കളുടെ ഇടയിൽ പല മാന്യതറവാട്ടുകളിലുമുള്ള വന്ധ്യകൾ സ്വാമിയുടെ കൈകൊണ്ടു വല്ല പഴമോ മറ്റോ വാങ്ങി ഭക്ഷിക്കുകയോ സ്വാമിയുടെ ഒരു അനുഗ്രഹവാക്ക് ലഭിക്കുകയോ ചെയ്തതിനുശേഷം താമസിയാതെ ഗർഭംധരിച്ച് പ്രസവിച്ചിട്ടുണ്ട്" എന്ന പ്രസ്താവനയിലും മറ്റും കാണാൻ കഴിയുന്നത് ഈ അതീന്ദ്രിയശക്തിയെ അവരോധിച്ചെടുക്കലല്ലാതെ മറ്റൊന്നുമല്ല (1984:6).

ഗുരുവിൽ അതിമാനുഷത്വം കല്പിക്കുന്ന ജീവചരിത്രത്തെയും ജീവചരിത്രകാരന്മാരെയും കുറിച്ച് എൻ.വി.പി. ഉണിത്തിരി നടത്തുന്ന നിരീക്ഷണം ഇവിടെ ശ്രദ്ധേയമാണ്.

'...എടുത്തുപറയത്തക്ക ശാസ്ത്രീയതയോ വസ്തുനിഷ്ഠതയോ പുലർത്തുന്നവ വളരെ കുറച്ചേ അവയിൽ കാണൂ. ആരാധനാപ്രധാനമാണ് മിക്കതും—വിശേഷിച്ച് ആദ്യകാല കൃതികൾ. ശ്രീനാരായണ ഗുരുവിനെ അതിമാനുഷനോ അവതാരപുരുഷനോ അത്ഭുതസിദ്ധനോ ആയി

കാണാനാണ് ഗുരുവിന്റെ ആരാധകർ മാത്രമായ പല ഗ്രന്ഥകർത്താക്കളും മുതിർന്നത്. ഗുരുവിനെ 'ബ്രഹ്മശ്രീ' എന്നും 'സ്വാമി തൃപ്പാദങ്ങൾ' എന്നും മറ്റും വിശേഷിപ്പിക്കാതിരുന്നാൽ അദ്ദേഹത്തിന് അവമതിയായിപ്പോകുമെന്ന് പലരും വിചാരിച്ചമാതിരി തോന്നും. കുമാരനാശാനെയും മൂർക്കോത്ത് കുമാരനെയുംപോലുള്ള പ്രമുഖർപോലും ഇതിന് അപവാദമായിരുന്നില്ല' (2000:8).

വസ്തുനിഷ്ഠതയെയും ആധികാരികതയെയും മുൻനിർത്തി അവതരിപ്പിക്കപ്പെട്ട 'ജീവചരിത്രസംഗ്രഹ'വും അക്ഷരാർത്ഥത്തിൽ അതീന്ദ്രിയ വർണനകളിൽനിന്നും അതിശയോക്തികളിൽനിന്നും മുക്തമല്ലെന്ന് കാണാം. ശ്രീനാരായണഗുരുവിന്റെ സവിശേഷവ്യക്തിത്വത്തെ അരക്കിട്ടുറപ്പിക്കുകയായിരുന്നു ആശാൻ ചെയ്തത്. സ്വാമിയുടെ അത്ഭുതപ്രവൃത്തികളും സാത്വികനിഷ്ഠയും കണ്ട് വിശ്വാസത്താൽ അദ്ദേഹത്തിന്റെ പേരിൽ, ഈശ്വരന്റെ പേരിലെന്ന പോലെ, നേർച്ചകൾ നേരുകയും രോഗശാന്തി മുതലായ ഫലങ്ങൾ അതിൽനിന്ന് അവർക്കു ലഭിക്കുകയും ചെയ്തതായുള്ള പ്രസ്താവനകൾ (1984:7) അക്ഷരാർത്ഥത്തിൽ ഗുരുവിനെ അതിമാനുഷനാക്കുക മാത്രമല്ല ദൈവമായി പ്രതിഷ്ഠിച്ചിരുത്തുക കൂടി ചെയ്തതായി കാണാം.

'ഗുരുവിന്റെ മൗനാനുവാദത്തിന്റെ പിൻബലം' എന്ന ആധികാരികത അവകാശപ്പെടുന്ന ഗ്രന്ഥത്തിന്റെ ആധികാരികതയും വസ്തുനിഷ്ഠതയും പലയിടങ്ങളിലും ചോദ്യംചെയ്യപ്പെടാവുന്നതായി അനുഭവപ്പെടും. ഗുരുവിന്റെ അമാനുഷിക പരിവേഷത്തെ പൊലിപ്പിച്ചെടുക്കാൻ പ്രേരിപ്പിക്കുന്ന വിവരണങ്ങൾ 'പറഞ്ഞുകേട്ടവ' എന്നരീതിയിൽ ആശാൻ അവതരിപ്പിക്കുന്നുണ്ട്. മദ്യപന്മാരുടെ മദ്യപാനം നിർത്തൽ, വന്ധ്യകളുടെ ഗർഭധാരണം, രോഗികളുടെ രോഗമില്ലാതാക്കൽ തുടങ്ങിയവയുടെ വിവരണം ഇവിടെ സ്മരണീയമാണ് (1984: 6, 7).

ഗുരുവുമായി നിത്യസമ്പർക്കമുണ്ടായിട്ടും എന്തുകൊണ്ട് ആശാന് ഇത്തരം കിംവദന്തികൾക്ക് ചെവികൊടുക്കേണ്ടിവന്നു എന്നതും എന്തുകൊണ്ട് ഇത്തരം സംഭവങ്ങളുടെ വിശ്വാസ്യത ഗുരുമുഖത്തുനിന്നും ഉറപ്പിച്ചെടുക്കാൻ ആശാൻ ശ്രമിച്ചില്ല എന്നതും ചിന്തനീയമാണ്. സിദ്ധന്മാർക്കോ ദൈവദൂതന്മാർക്കോ സാധ്യമാവുന്ന അത്ഭുതപ്രവൃത്തികൾ ഗുരുവിൽ ആരോപിക്കുകവഴി ഗുരുവിനെ ഒരത്ഭുതാവതാരമായി മാറ്റാനുള്ള ശ്രമം ആശാൻ നടത്തിയതായി പറയേണ്ടിവരും.

അദ്വൈതചിന്തകനായി വിശേഷിപ്പിക്കപ്പെട്ട ഗുരുവിന്റെ ശാസ്ത്രപാണ്ഡിത്യവും ധൈഷണികശക്തിയും ആശാൻ എടുത്തുപറയുന്നുണ്ട്. ഇത്

ഗുരുവിന്റെ ചരിത്രത്തിലെ സ്ഥാനം മാത്രമല്ല ഉറപ്പിച്ചെടുക്കാൻ ശ്രമിക്കു ന്നത്; ഗുരുവിന്റെ ത്രികാലജ്ഞാനത്തെക്കൂടിയാണ്.

കേരളീയസമൂഹത്തിൽ നിലനിന്നിരുന്ന നിരവധി സാമൂഹ്യാനാചാ രങ്ങൾക്കെതിരെ, പ്രത്യക്ഷ പോരാട്ടംനടത്തിയ ഗുരുവിന്റെ സവിശേ ഷസ്വഭാവത്തെ തുറന്നുകാണിക്കാൻ ശ്രമിക്കുന്നതാണ് താലികെട്ടടിയ ന്തിരം പോലുള്ള അനാചാരങ്ങൾക്കെതിരെ പരസ്യമായി രംഗത്തുവരു ന്ന ഗുരുവിനെക്കുറിച്ചുള്ള ആശാന്റെ വിവരണം. ചരിത്രപരം എന്നു രേ ഖപ്പെടുത്തപ്പെടുമ്പോഴും ഇത്തരം വിവരണങ്ങളിൽ അവിശ്വസനീയത കടന്നുവരികയും ചരിത്രവും യാഥാർത്ഥ്യവും തിരിച്ചറിയാനാവാത്ത പ്ര തിസന്ധിയിൽ ഗുരുചരിത്രം അവ്യക്തത നിറഞ്ഞതാവുകയും ചെയ്യുന്നു.

ഗുരുവിനെ അതിമാനുഷനാക്കാനുള്ള ആശാന്റെ ശ്രമത്തിന്റെ തു ടർച്ചയാണ് മതാതീത പ്രവാചകനായി ഗുരുവിനെ അടയാളപ്പെടുത്തു ന്ന തൈക്കുട്ടം പുരുഷോത്തമന്റെ 'മതാതീത പ്രവാചക'നിലും മറ്റും കാണാൻ കഴിയുക. സത്യധർമ്മാദികൾക്ക് ച്യുതി നേരിടുമ്പോൾ അവ താരമെടുക്കുന്ന പ്രകൃതിയുടെ ശക്തിദുർഗ്ഗങ്ങളിലൊന്നായി ഗുരുവിനെ നിരീക്ഷിക്കുന്നതിന്റെ ചവിട്ടുപടിയായി ആശാന്റെ ജീവചരിത്രസംഗ്ര ഹം മാറിയിട്ടുണ്ട്. 'അടിമത്വത്തിൽ കിടന്ന കീഴ്ജാതിക്കാരുടെ മോച നത്തിനെത്തിയ ദൈവദൂത'നായാണ് (2003 :37) തൈക്കുട്ടം പുരുഷോ ത്തമൻ ഗുരുവിനെ അവതരിപ്പിക്കുന്നത്.

അധഃസ്ഥിതരുടെയിടയിൽ ഗുരു നടത്തിയ സാമൂഹ്യപരിഷ്കരണ പ്ര വർത്തനങ്ങളെ വിലകുറച്ചു കാണിക്കുന്നതിലേയ്ക്ക് ഇത്തരം പദവിചാർ ത്തികൊടുക്കലുകൾ എത്തിച്ചേരുന്നുണ്ട്. അതായത്, അതിമാനുഷനായ ഒരാൾക്ക് നിഷ്പ്രയാസം നിറവേറ്റാവുന്ന ഒരു കർമ്മമായി കേരളത്തിലെ സാമൂഹ്യപരിഷ്കരണം മാറുന്നു. അതേസമയംതന്നെ ഈ കർമ്മം നിറ വേറ്റാൻ നിയോഗിക്കപ്പെട്ട ദൈവദൂതന്റെ കർത്തവ്യമായും അത് ലഘൂ കരിക്കപ്പെടുന്നു.

കേരളീയചരിത്രത്തിൽ സമുന്നതമായ സ്ഥാനം ഗുരുവിന് ഉറപ്പിച്ചു നല്കുന്നതിൽ കുമാരനാശാന്റെ ജീവചരിത്രസംഗ്രഹം വലിയ പങ്കുവഹി ച്ചതായി കാണാം. പ്രത്യക്ഷത്തിലും പരോക്ഷത്തിലും ഗുരുവിന്റെ അപ ദാനങ്ങൾ പാടുന്ന ഒന്നായി ഇതു മാറുന്നുണ്ട്. കേരളീയസമൂഹത്തിൽ നടന്ന ഗുണകരമായ അനേകം പരിവർത്തനങ്ങൾക്ക് കാരണക്കാര നാകാൻ നിയോഗിക്കപ്പെട്ട ദിവ്യാത്മാവായും അതിമാനുഷനായും ഗു രുവിനെ നിർമ്മിച്ചെടുക്കുകയാണ് ആശാൻ ഈ ജീവചരിത്രത്തിലൂടെ ചെയ്തിട്ടുള്ളത്.

ഗുരുവിന്റെ മഹത്വത്തെ നിർമ്മിച്ചെടുക്കാൻ ശ്രമിക്കുന്നു എന്നതു കൊണ്ടുതന്നെയാണ് സമകാലിക നിരൂപകർ ആശാന്റെ ജീവചരിത്ര സംഗ്രഹത്തെ 'അപദാനപൂരിതചരിത്രം' എന്ന് വിശേഷിപ്പിക്കുന്നതും[1]. അനേകം വ്യക്തിത്വസവിശേഷതകളുള്ള വ്യക്തിയായും ദൈവികപരിവേഷത്തോടെയും ഗുരുവിനെ നിർമ്മിച്ചെടുക്കാനുള്ള ആശാന്റെ ഈ ശ്രമം 'കേരളീയ നവോത്ഥാനനായകൻ' എന്ന വിശേഷണത്തിലേക്ക് ഗുരുവിനെ എത്തിക്കുന്നതിന്റെ മുന്നോടിയായിരുന്നുവെന്ന് നിരീക്ഷിക്കാവുന്നതാണ്.

## നാരായണഗുരു - സമാഹാരഗ്രന്ഥം: നവോത്ഥാനനായക നിർമ്മിതിയുടെ ചവിട്ടുകല്ല്

പി.കെ. ബാലകൃഷ്ണൻ എഡിറ്റ് ചെയ്ത 'നാരായണഗുരു' ഒരു സമാഹാര ഗ്രന്ഥമാണ്. ശ്രീനാരായണഗുരുവിനെക്കുറിച്ച് മലയാളത്തിലുണ്ടായ പഠനങ്ങളിൽ തികച്ചും വ്യത്യസ്തവും ഏറെ പ്രസിദ്ധവുമാണ് ഈ പഠനം. 1954-ൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിൽ എക്കാലത്തും പ്രസക്തമായ നിരവധി വിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്നു. ഗുരുവിനെക്കുറിച്ചുള്ള പഠനങ്ങളോടൊപ്പം ഗുരുവിന്റെ സംഭാഷണശകലങ്ങളും ചില സ്തോത്രകൃതികളും ഉൾപ്പെടുത്തിയിരിക്കുന്നു. ഗുരുവിന്റെ ദർശനങ്ങളേയും വീക്ഷണങ്ങളേയും വ്യക്തമാക്കാൻ പര്യാപ്തമായ ചരിത്രപശ്ചാത്തലത്തിലൂടെ ഗുരുവിലേക്കും ഗുരുദർശനങ്ങളുടെ പ്രസക്തിയിലേക്കും എത്തിച്ചേരുന്ന ഒരു മാർഗ്ഗമാണ് പി.കെ. ബാലകൃഷ്ണൻ സ്വീകരിച്ചിട്ടുള്ളത്.

'ധാരാളം ജീവചരിത്രങ്ങൾ ഗുരുവിനെക്കുറിച്ച് ഉണ്ടായിട്ടുണ്ട്. അതിലെല്ലാം പ്രധാനമായും സമകാലിക ശിഷ്യന്മാരിൽ ഒരു കണ്ണാടിയിലെന്നവണ്ണം പ്രതിഫലിച്ച ഗുരുവിനെയാണ് വരച്ചുവെച്ചിട്ടുള്ളത്. സഹോദരനെയും, സി.വി.കുഞ്ഞുരാമനെയും, ടി.കെ. മാധവനെയും, ഇ. മാധവനെയും, കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയെയും മാറ്റിനിർത്തിക്കൊണ്ട് ഗുരുവിനെ മനസ്സിലാക്കുക അസാധ്യമാണ്. തന്റെ കാലത്തിന്റെ സാമൂഹ്യചരിത്രം ഉൾക്കൊള്ളാതെ ഗുരുവിന്റെ സ്മരണയെ സ്പർശിക്കുകകൂടി സാധ്യമല്ല' (2013:11) എന്ന അശോകൻ ചരുവിലിന്റെ അഭിപ്രായം ഗുരു ജീവചരിത്രങ്ങളുടെ പൊതുസ്വഭാവത്തെ വെളിവാക്കുന്നതോടൊപ്പം കേരളീയസാമൂഹ്യചരിത്രത്തിൽനിന്ന് ഗുരുവിനെ മാറ്റിനിർത്തിക്കൊണ്ടുള്ള ചരിത്രരചനയോ, ഗുരുചരിത്രത്തിൽനിന്ന് കേരളീയസാമൂഹ്യചരിത്രം ഒഴിവാക്കിക്കൊണ്ടുള്ള ജീവചരിത്രനിർമ്മിതിയോ അസാധ്യമാണെന്ന് സ്ഥാപിക്കുന്നുണ്ട്.

ഇത്തരത്തിൽ കേരളീയസാമൂഹ്യചരിത്രപശ്ചാത്തലത്തിൽ ഗുരുവിന്റെ സ്ഥാനം നിർണ്ണയിക്കാൻ ശ്രമിക്കുന്ന ഗ്രന്ഥമാണ് പി.കെ. ബാലകൃഷ്ണന്റെ 'നാരായണഗുരു'. 'തന്റെ ചരിത്രഘട്ടത്തിൽനിന്ന് ശ്രീനാരായണനെ അടർത്തിമാറ്റാനുള്ള ശ്രമങ്ങൾക്കെതിരെ, അറുപതു വർഷങ്ങൾക്കു മുമ്പ് പി.കെ. ബാലകൃഷ്ണൻ നല്കിയ താക്കീത്' (2013:11)ആയാണ് അശോകൻ ചരുവിൽ 'നാരായണഗുരു' എന്ന ഗ്രന്ഥത്തെ നോക്കിക്കാണുന്നത് സാമൂഹ്യപരിവർത്തനപ്രക്രിയയിൽ ഗുരു വഹിച്ച പങ്കിനെ പ്രത്യക്ഷമായി വിവരിക്കുന്നതിനു പകരം ചരിത്രപ്രധാനമായ സംഭവങ്ങൾ, സമകാലിക സാമൂഹ്യ-സമുദായ സംഘടനാ നേതാക്കൾ എന്നിവരുടെ സ്മരണകൾ തുടങ്ങിയവയിലൂടെ ഗുരുചരിത്രവും ഗുരുവിന്റെ സ്ഥാനവും രേഖപ്പെടുത്തുകയാണ് പി.കെ. ബാലകൃഷ്ണൻ.

പി.കെ. ബാലകൃഷ്ണന്റെ ഈ ഗ്രന്ഥത്തോടെയാണ് വിവിധ വീക്ഷണകോണുകളിൽനിന്നുകൊണ്ട് ഗുരുവിനെ വിലയിരുത്തുവാനുള്ള ആത്മാർത്ഥമായ ശ്രമങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുമെന്ന സാഹചര്യം കൈവന്നത് (2000: 8) എന്ന് എൻ.വി.പി. ഉണിത്തിരി നിരീക്ഷിക്കുന്നുണ്ട്.

ഗുരുവിന്റെ ജനനം കാലഘട്ടത്തിന്റെ അനിവാര്യതയായിരുന്നു എന്ന് പറയാതെപറയുന്നു ഈ കൃതി. സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങൾ അധഃപതിച്ച പതിനെട്ടും പത്തൊൻപതും നൂറ്റാണ്ടുകളിലെ ചരിത്രപശ്ചാത്തലത്തിലാണ് ഗുരുവിന്റെ ജനനവും അരുവിപ്പുറം പ്രതിഷ്ഠയും നടക്കുന്നത് എന്നു സൂചിപ്പിച്ചുകൊണ്ട് ഗുരുവിന്റെ ജന്മോദ്ദേശ്യത്തെയും പ്രാധാന്യത്തെയും ഉയർത്തിക്കാട്ടുവാൻ ശ്രമിക്കുന്ന പി.കെ. ബാലകൃഷ്ണൻ അരുവിപ്പുറം പ്രതിഷ്ഠയോടെയാണ് ഗുരുവിന്റെ ചരിത്രം ആരംഭിക്കുന്നതെന്ന് നിരീക്ഷിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളീയ സാമൂഹ്യപശ്ചാത്തലങ്ങൾ വിവരിച്ച ശേഷം '...രാഷ്ട്രീയവും സാമൂഹികവും ആത്മീയവുമായ കാര്യങ്ങൾ 1856-ൽ ഈ പതനത്തിൽ എത്തിനില്ക്കുമ്പോഴാണ് നാരായണഗുരു തിരുവനന്തപുരം താലൂക്കിലെ ചെമ്പഴന്തിയിൽ ജനിച്ചത്. കാര്യങ്ങൾ ഈ നിലയിൽനിന്നും വ്യത്യാസപ്പെടാതെനില്ക്കുന്ന കാലത്താണ് അദ്ദേഹം അരുവിപ്പുറം പ്രതിഷ്ഠയുമായി തന്റെ ചരിത്രം ആരംഭിക്കുന്നത് (2010: 25) എന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു. ഗുരുവിന്റെ ജനനവും അരുവിപ്പുറം പ്രതിഷ്ഠയും ഇതരജീവചരിത്രങ്ങളിലേതുപോലെ ധന്യമുഹൂർത്തമോ, അത്ഭുതസംഭവമോ ആയല്ല ഇവിടെ രേഖപ്പെടുത്തുന്നത്. സാമൂഹ്യാധപ്പതനങ്ങളുടെ നിർണ്ണായകഘട്ടത്തിൽ അനിവാര്യമായ

ചരിത്രസംഭവം എന്ന നിലയ്ക്കാണ് ഗ്രന്ഥകാരൻ ഇവയെ നോക്കി കാണുന്നത്.

ചരിത്രപ്രാധാന്യമുള്ള ഒരു ചരിത്രപുരുഷനായാണ് അദ്ദേഹം ഗുരുവിനെ അവതരിപ്പിക്കുന്നതെന്നു കാണാം. അമാനുഷിക പരിവേഷത്തിന്റെ ഭാരം നല്കി ഗുരുവിന്റെ വ്യക്തിത്വത്തെ തേജോമയമാക്കി പ്രതിഷ്ഠിക്കാനോ ദിവ്യാത്ഭുതങ്ങൾ പ്രവർത്തിക്കുന്ന അത്ഭുതാവതാരമാക്കി ഗുരുവിനെ ചരിത്രത്തിൽനിന്ന് വേർതിരിച്ചുനിർത്താനോ ഗ്രന്ഥകാരൻ ശ്രമിക്കുന്നില്ല. സ്വാമികളിൽ അന്തർലീനമായ മനുഷ്യത്വത്തെയും സാത്വികഭാവത്തെയും അടയാളപ്പെടുത്തുന്നതാണ് ഗുരുവിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണം.

സ്വാമികൾ ഒരു ചരിത്രപുരുഷനാണ്. മനുഷ്യനാണ്. അദ്ദേഹം ജീവിച്ച ചരിത്രപശ്ചാത്തലത്തിൽ ആ മനുഷ്യനെ ഘടിപ്പിക്കുമ്പോൾ ഈ കേരളത്തിൽ ഇന്നുവരെ ജനിച്ചതിൽ ഏറ്റവും നല്ലവനും വലിയവനുമായ മനുഷ്യനാണ് അദ്ദേഹം. യാതൊന്നിനേയും എതിർത്തു പറയാതെ, നന്മയെ ലാക്കാക്കി എല്ലാത്തിനുമെതിരു പ്രവർത്തിച്ച ഒരു മനുഷ്യനാണ് അദ്ദേഹം (2010:19) എന്ന് അടയാളപ്പെടുത്തുന്ന പി.കെ. ബാലകൃഷ്ണൻ ഈ ചരിത്രപുരുഷന്റെ കേരളത്തിലെ അദ്വിതീയ സ്ഥാനം ഉറപ്പിച്ചെടുക്കുകയും ചെയ്യുന്നു.

ഗുരുവിനെ അതിമാനുഷനാക്കിയും നിത്യബ്രഹ്മചാരിയാക്കിയും സിദ്ധപാരമ്പര്യത്തിനുടമയാക്കിയും, അദ്വൈതവേദാന്തിയാക്കിയും പടുത്തുയർത്തിയ ജീവചരിത്രങ്ങളെ ചോദ്യംചെയ്തുകൊണ്ട് ഗുരുവിലെ മാനുഷികഭാവങ്ങളെ സ്ഥാപിച്ചെടുക്കാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു.

'...തന്റെ അത്യപാരമായ സ്വാധീനതകൾ, അസൂയാർഹമായ പാണ്ഡിത്യം, അതികുശാഗ്രമായ ബുദ്ധിശക്തി, അധൈര്യമറിയാത്ത സ്വതന്ത്രചിന്താസക്തി ഇതിനെ മുഴുവനും ഒരു കലവറയും കൂടാതെ ഏറ്റവും പ്രായോഗികരീതിയിൽ കേരളത്തിന് അർപ്പിച്ച മനുഷ്യനാണദ്ദേഹം' എന്ന് അദ്ദേഹം അടിവരയിട്ടുറപ്പിക്കുന്നുണ്ട് (2010:19). ഗുരുവിൽ ദർശനീയമായ ഈ മാനവികതയെ, മനുഷ്യത്വത്തെ, കേരളീയജനസാമാന്യത്തിന്റെ മനുഷ്യത്വത്തിന്റെ പ്രതിനിധാനമാക്കി സ്ഥാപിക്കാനുള്ള ശ്രമങ്ങൾ ഗ്രന്ഥകർത്താവ് നടത്തുന്നുണ്ട്.

മനുഷ്യനു സമത്വംകൈവരിയ്ക്കാനുള്ള ഏറ്റവും പ്രഥമമായ ഉപാധി വിദ്യാഭ്യാസംനേടലാണ് എന്ന ആധുനികചിന്തയാണ് കേരളീയ നവോത്ഥാനത്തിന്റെ അടിത്തറ. ഈ ചിന്തയുടെ പ്രോദ്ഘാടകൻ

ശ്രീനാരായണ ഗുരുവായിരുന്നു എന്നുവേണം നിഗമനം ചെയ്യാൻ. അതു കൊണ്ടാണ് 'വിദ്യാഭ്യാസം ചെയ്ത് അഭിവൃദ്ധിപ്പെടുക' എന്ന സന്ദേശം ഗുരു പ്രചരിപ്പിച്ചത്. വിദ്യാഭ്യാസവും വ്യവസായവും സമുദായാഭിവൃദ്ധി യ്ക്കും അതുവഴി സമൂഹത്തിന്റെ അഭിവൃദ്ധിയ്ക്കും കാരണമാകുമെന്ന് തിരി ച്ചറിഞ്ഞ ഗുരുവിനെയാണ് നിങ്ങൾ ശരിയ്ക്കും സാക്ഷരരാവുക എന്ന അദ്ധ്യായത്തിലൂടെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുന്നത്.

ക്ഷേത്രപ്രതിഷ്ഠകളെയും നിർമ്മാണത്തെയും കുറിച്ച് ഗുരു പുലർത്തി യിരുന്ന മനോഭാവത്തിന്റെ ആഴം തിരിച്ചറിയാൻ കഴിയാതെപോയ സ്വസമുദായത്തെക്കുറിച്ചുള്ള ബോധമാണ് 1917-ൽ സ്വാമിയെക്കൊണ്ട് ക്ഷേത്രങ്ങളെക്കുറിച്ച് ഒരു സന്ദേശം പുറപ്പെടുവിപ്പിച്ചത്.

'ഇനി ക്ഷേത്രനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കരുത്. ക്ഷേത്ര ത്തിൽ ജനങ്ങൾക്കുള്ള വിശ്വാസം കുറഞ്ഞുവരികയാണ്....'[2] എന്നു തു ടങ്ങുന്ന ഈ സന്ദേശത്തിൽ പ്രധാനദേവാലയം വിദ്യാലയമായിരിക്ക ണം എന്ന മഹത്തായ സന്ദേശം ഗുരു നല്കുന്നുണ്ട്. സമൂഹത്തിൽ പുരോ ഗമനപരമായ പരിവർത്തനങ്ങൾ ഉണ്ടാകണമെങ്കിൽ ജനം അറിവുനേ ടണം എന്നും അതിലൂടെ തന്റെ സമൂഹത്തെ വെളിച്ചത്തിലേക്കു നയി ക്കാമെന്നും തിരിച്ചറിഞ്ഞഗുരുവിനെ പി.കെ. ബാലകൃഷ്ണൻ ഇവിടെ വര ച്ചിടുന്നു. ഇത്തരത്തിൽ ഒരു ചരിത്രദൗത്യം ഏറ്റെടുത്ത ചരിത്രപുരുഷ നായാണ് ഗുരു ഈ കൃതിയിൽ അവരോധിയ്ക്കപ്പെടുന്നത്. കേരള ചരി ത്രത്തിലെ അനേകം ചരിത്രമുഹൂർത്തങ്ങളെ എടുത്തുകാട്ടി, ഈ മുഹൂർ ത്തങ്ങൾക്കുപിന്നിലുള്ള പ്രചോദനഘടകം ശ്രീനാരായണഗുരുവെന്ന ചരിത്രപുരുഷനാണെന്ന് സ്ഥാപിക്കുകയാണ് അദ്ദേഹം.

ഗുരുവിന്റെ വിവാഹജീവിതത്തെക്കുറിച്ചുള്ള ഒരു തുറന്ന ചർച്ചപോ ലും ഗുരുത്വക്കേടാണെന്ന ധാരണവെച്ചു പുലർത്തിയിരുന്നവർ ഗുരുവി നെ ഒരു നിത്യവൈരാഗിയോ ബ്രഹ്മചാരിയോ ആക്കിമാറ്റാൻ ശ്രമിക്കു കയായിരുന്നുവെന്ന് ജീവചരിത്രത്തിലെ പരാമർശങ്ങൾ വെളിപ്പെടുത്തു ന്നതായി ഗ്രന്ഥകാരൻ സാക്ഷ്യപ്പെടുത്തുന്നുണ്ട്. മനുഷ്യസ്വഭാവത്തിന്റെ സാമൂഹ്യനിലപാടുകൾ നിഷേധിക്കുന്ന ഇത്തരം പരാമർശങ്ങളിൽ പറ യുന്നവർക്കു കാണാൻ കഴിയാത്ത വലിയൊരു കുഴപ്പം പതിയിരിക്കുന്ന തായി ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നുണ്ട്.

'...വിശപ്പും രതിയും വർഗ്ഗസന്ധാരണത്തിനാധാരമായ പ്രകൃതി ഭാ വങ്ങളാണ്. അത്ഭുതകരമായ എന്തെങ്കിലും ശാരീരികവൈകല്യമില്ലെ ങ്കിൽ ഇവ രണ്ടും ഏതു മനുഷ്യനിലും യഥാകാലം ജീവത്തായി പ്രവർ ത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യും. ആദർശബോധം, ജീവിതനിഷ്ഠകൾ

മറ്റെന്തെങ്കിലും ആഘാതങ്ങൾ തുടങ്ങിയവകൊണ്ട് രതിഭാവം ശ്രേഷ്ഠമായ ഭാവാന്തരങ്ങളായി വ്യാവർത്തിക്കുന്നത് പ്രകൃതിയുടെ മൗലിക നിയമത്തെ അനുസരിച്ചും സാധൂവത്കരിച്ചും കൊണ്ടാണ് (2010:139).

ഇതെല്ലാം വിസ്മരിച്ചുകൊണ്ട് ഗുരു ദാമ്പത്യബന്ധം പുലർത്തിയിരുന്നുവെന്ന് വിലയിരുത്തിയാൽ ഗുരുവിന്റെ മഹത്തരമായ സ്ഥാനത്തിനും പടുത്തുയർത്തപ്പെട്ട സ്വഭാവഗുണത്തിനും ഭ്രംശമുണ്ടാകുമെന്ന് ചിന്തിക്കുന്നത് തീർത്തും അബദ്ധമാണെന്ന് പി.കെ. ബാലകൃഷ്ണൻ അഭിപ്രായപ്പെടുന്നു. ഈ ചിന്തയിലെ അപകടകരമായ മുൻവിധിയെ ഖണ്ഡിച്ചുകൊണ്ട്, '...ജനിച്ചിട്ട് മരിക്കുന്നതുവരെ ഒരിക്കൽപോലും രതിഭാവം ഉദ്ദീപ്തമാവാത്തയാളിന്റെ പേര് മറ്റെന്തായാലും ഋഷി എന്നല്ല' (2010:140) എന്ന് തുറന്നുപറയാൻ ബാലകൃഷ്ണൻ തയ്യാറാകുന്നുണ്ട്.

ഗുരുവിന്റെ ഇതര ജീവചരിത്രങ്ങളിലെ അതിശയോക്തിപരമായ വർണ്ണനകൾ, പ്രസ്താവനകൾ എന്നിവയെ പൊളിച്ചെഴുതിക്കൊണ്ട് ശ്രീനാരായണഗുരുവിന്റെ സാമൂഹ്യപരിഷ്കർത്താവ് എന്ന മേൽവിലാസത്തെ ഉറപ്പിച്ചെടുക്കുന്നതോടൊപ്പം കേരളീയ നവോത്ഥാനചരിത്രത്തിന്റെ മുഖ്യകേന്ദ്രമായി വർത്തിച്ചത് ഗുരുവും ഗുരുവിന്റെ സമുദായ സംഘടനാ പ്രവർത്തനങ്ങളുമാണെന്ന് സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നുണ്ട് ഈ ഗ്രന്ഥകാരൻ. നവോത്ഥാനം അനിവാര്യമായ കേരളത്തിലെ ജാതിവ്യവസ്ഥിതിയിൽ ഇടപെടുകയും ഗുണാത്മകമായ പരിവർത്തനങ്ങൾക്ക് കാരണക്കാരനായിത്തീരുകയും ചെയ്ത ചരിത്രപുരുഷനായി, സാമൂഹ്യപരിഷ്കർത്താവായി ഗുരുവിനെ നിർമ്മിച്ചെടുത്ത ഗ്രന്ഥം കൂടിയായി ഈ സമാഹാരഗ്രന്ഥം മാറുന്നു.

'ചരിത്രം രണ്ടുതരമുണ്ട്. ഒരൊറ്റ നായകന്റേയും അനേകം നായകന്മാരുടെതും' (Davy G.N, 1998:17)[3]. ഇത്തരത്തിൽ ചരിത്രം ഒരൊറ്റ നായകനിൽ കേന്ദ്രീകരിക്കപ്പെടുന്ന ചരിത്രസന്ദർഭങ്ങൾ നിരവധിയാണെന്നുകാണാം. കേരളീയ നവോത്ഥാനചരിത്രം പൊതുവെ കേന്ദ്രീകരിക്കപ്പെടുന്നത് ശ്രീനാരായണഗുരുവിലാണ്. കേരളീയ നവോത്ഥാനചരിത്രത്തിൽ ഗുരു നവോത്ഥാനനായകനായി ഇടം നേടിയിരിക്കുന്നു. കേരളത്തിലെ നവോത്ഥാന പരിശ്രമങ്ങളുടെ സമാരംഭകൻ ശ്രീനാരായണഗുരുവും അതിന്റെ ആശയാടിത്തറ ശ്രീനാരായണദർശനവുമായി മാറുന്നു. അതുവഴി ഗുരുവിന്റെ നവോത്ഥാനനായകപദവി ചരിത്രത്തിൽ ഉറപ്പിച്ചെടുക്കപ്പെടുകയും ചെയ്യുന്നു. ഈ സവിശേഷപദവി ചാർത്തിക്കൊടുക്കുന്നതിൽ ഗുരു പഠന-ജീവചരിത്രങ്ങൾക്ക് വലിയ പങ്കുണ്ട്.

ഉപസംഹാരം

കേരളീയനവോത്ഥാനത്തിന്റെ ചരിത്രം ഏകമുഖമായ ഒന്നല്ല. പല നിലകളിൽ അടയാളപ്പെടുത്തപ്പെട്ട ഒന്നാണത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ കേരളീയനവോത്ഥാനപശ്ചാത്തലത്തിലാണ് ശ്രീനാരായണ ഗുരുവിനെ മിക്ക ജീവചരിത്രങ്ങളും അടയാളപ്പെടുത്താൻ ശ്രമിക്കുന്നത്. സാമൂഹ്യപരിഷ്കർത്താവായും നവോത്ഥാനനായകനായും അദ്വൈതചിന്തകനായും അത്ഭുതാവതാരമായും ഗുരുവിനെ അവതരിപ്പിക്കുന്ന ജീവചരിത്രങ്ങളിലെല്ലാംതന്നെ പത്തൊമ്പതാം നൂറ്റാണ്ടിലെ സാമൂഹ്യവ്യവസ്ഥിതിയും സാമൂഹ്യപശ്ചാത്തലവും പ്രമേയമാകുന്നുണ്ട്. പ്രത്യക്ഷമായോ പരോക്ഷമായോ ഗുരുവിനെ കേരളീയ നവോത്ഥാനത്തിന്റെ 'നായക' പദവിയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിൽ ഗുരു-ജീവചരിത്രങ്ങൾക്കും പഠനങ്ങൾക്കും പ്രധാനപങ്കുണ്ട്.

നിശ്ചയമായും ശ്രീനാരായണന്റെ ദർശനങ്ങൾക്കും സമുദായ-മാനവിക പരിഷ്കരണശ്രമങ്ങൾക്കും ചരിത്രപരമായ പ്രാധാന്യം അവകാശപ്പെടാനുണ്ട്. ലോകജനതയെ ഇത്രയധികം സ്വാധീനിച്ച ഒരു സാമൂഹ്യപരിഷ്കർത്താവ് കേരളീയർക്കില്ലതന്നെ, എന്നാൽ ഗുരു മാത്രമായിരുന്നു കേരളീയ നവോത്ഥാനത്തിനു ചുക്കാൻപിടിച്ച നായകൻ എന്നമട്ടിലുള്ള ചരിത്രരചനയുടെ യുക്തിയെ നീതികരിക്കാനാവില്ല. ഗുരുവിന്റെ വ്യക്തിത്വസവിശേഷതകളെ അമാനുഷികമാക്കി, ഗുരുവിലെ സാമൂഹ്യപ്രതിബദ്ധതയുള്ള വ്യക്തിത്വത്തെ കുറച്ചുകാണിക്കുന്നതരത്തിലുള്ള ജീവചരിത്രനിർമ്മിതിയെ പ്രോത്സാഹിപ്പിക്കുവാനും ആവതല്ല. ചരിത്രം ഒരു വ്യക്തിയിലേക്കു കേന്ദ്രീകരിക്കപ്പെടുക എന്നത് അനേകം ചരിത്രവസ്തുതകളെ വിസ്മരിക്കുകകൂടി ചെയ്യലാണ്.

ചരിത്രം ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുന്നതിനു പിന്നിൽ നിരവധി പ്രേരകഘടകങ്ങൾ ഉണ്ട്. ഇത്തരത്തിൽ ഗുരുവിനെ ചരിത്രത്തിന്റെ 'കേന്ദ്ര'മാക്കി മാറ്റുന്നതിൽ ഗുരു പഠന-ജീവചരിത്രങ്ങൾക്കുള്ള പങ്ക് ചെറുതല്ല. സാമൂഹികാനാചാരങ്ങൾക്കെതിരെ ഗുരു നടത്തിയ പ്രവർത്തനങ്ങൾ നവോത്ഥാനത്തിലേക്കുള്ള ചവിട്ടുപടിയായിത്തീരുകയും ഗുരു ഇതിന്റെ ശ്രദ്ധാകേന്ദ്രമാവുകയും ചെയ്തു. ഗുരുവിന്റെ മാനവികസന്ദേശം കേരളീയ ജനസാമാന്യത്തെ നവീകരിക്കുകയും അതുവഴി കേരളീയ ജനതയുടെ ആകമാനമുള്ള നവീകരണം സാധ്യമാവുകയും ചെയ്തു. നവോത്ഥാനത്തിന് ബീജാവാപം ചെയ്ത മഹാപുരുഷനായി ഗുരു വിലയിരുത്തപ്പെടുകയും നവോത്ഥാനത്തിന്റെ ചരിത്രം ഒരൊറ്റ നായകനിലേക്കു കേന്ദ്രീകരിക്കപ്പെടുകയും ചെയ്തു.

## കുറിപ്പുകൾ

1. ശ്രീനാരായണപ്രസ്ഥാനം കേരളത്തിന്റെ യുവത്വമാണ് എന്ന രഘു ജെ. യുടെ ലേഖനത്തിൽ ചരിത്രരചനാരീതിയെക്കുറിച്ച് വിശദീകരിക്കുമ്പോൾ ഗുരു 'ഉപഗ്രഹപദവി' മാത്രമുള്ള ഒരു സാമൂഹികപരിഷ്കർത്താവായിരുന്നുവെന്ന പരാമർശമുണ്ട്. വിശദവിവരങ്ങൾക്ക്, മാധ്യമം ആഴ്ചപ്പതിപ്പ് 2003 നവംബർ 21. പുറം : 10,11.
2. പി.കെ. ബാലകൃഷ്ണൻ കൃതിയിലെ കഥയില്ലാത്ത ദുർവ്യയങ്ങൾ എന്ന ഭാഗത്ത് ഈ എഴുത്തുകളുടെ പൂർണ്ണരൂപം കൊടുത്തിട്ടുണ്ട് പുറം: 76.
3. History is of two types,writes Rajashekhara,"of a single hero,and of many heroes." (DAVY G.N., 1998: 17).

## ഗ്രന്ഥസൂചി

1. ഉണിത്തിരി. എൻ.വി.പി., 2000 : ശ്രീനാരായണഗുരു, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.
2. കാർത്തികേയൻ നായർ വി., 2010: കേരളത്തിലെ ഭ്രവുടമാബന്ധങ്ങളും സാമൂഹ്യപരിവർത്തനവും, മൈത്രി ബുക്സ്, തിരുവനന്തപുരം.
3. കുമാരനാശാൻ എൻ., 1984: ബ്രഹ്മശ്രീ ശ്രീനാരായണഗുരുവിന്റെ ജീവചരിത്രസംഗ്രഹം, തോന്നയ്ക്കൽ കുമാരൻ ആശാൻ സ്മാരകസമിതി.
4. ഗോവിന്ദപ്പിള്ള പി., 2003: കേരള നവോത്ഥാനം ഒരു മാർക്സിസ്റ്റ് വീക്ഷണം (ഒന്നാം സഞ്ചിക) ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം.
5. ബാലകൃഷ്ണൻ പി.കെ, 2010: നാരായണഗുരു, ഡി.സി. ബുക്സ്, കോട്ടയം.
6. DEVY G.N; Of Many Heroes An Indian Essay in Literary Histriography; 1998; Orient Longman, Mumbai.
7. അശോകൻ ചരുവിൽ, ഗുരു ദൈവമാകുമ്പോൾ, ദേശാഭിമാനി വാരിക, പുസ്തകം ലക്കം 2013 സെപ്തംബർ 8.
8. രഘു ജെ, ശ്രീനാരായണപ്രസ്ഥാനം കേരളത്തിന്റെ യുവത്വമാണ്, മാധ്യമം ആഴ്ചപ്പതിപ്പ്, പുസ്തകം ലക്കം 2003 നവംബർ 20.